**പതിമൂന്നാം കേരള നിയമസഭ.**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2775 — 19.06.2014 ൽ മറുപടിക്ക്

**വില്ലേജ് ജനകീയ സഭ**

| **ചോദ്യം**<br>**ശ്രീ.എം. ഹംസ** | **ഉത്തരം**<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) "വില്ലേജ് ജനകീയ സഭ" രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സഭയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) വില്ലേജ് ജനകീയ സഭ രൂപീകരിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>വില്ലേജ് ഓഫീസർ കൺവീനറും, വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും, വില്ലേജ് പരിധിയിൽ വരുന്ന ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ അംഗങ്ങൾ, വില്ലേജ് പരിധിയിൽ വരുന്ന പാർലമെന്റ് അംഗത്തിന്റെ പ്രതിനിധി, വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗത്തിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നതാണ്, പ്രസ്തുത സഭയുടെ ഘടന |
| (ബി) "താലൂക്ക് സഭ" കളുടെ മാതൃകയിൽ രൂപീകരിക്കുന്ന വില്ലേജ് സഭകളിൽ ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തുവാനും വില്ലേജിലെ പ്രശ്നപരിഹാരത്തിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വില്ലേജ് സഭകൾ മാസത്തിൽ ഒരു പ്രാവശ്യം എങ്കിലും കൂടുന്നതിനും മറ്റും ആവശ്യമായ തരത്തിലുള്ള ഉത്തരവുകൾ ഇറക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) വില്ലേജ് ജനകീയ സഭ രൂപീകരിയ്ക്കുന്നതിന് അനുമതി നൽകിയ ഉത്തരവിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുള്ളതും, വില്ലേജ് സഭകൾ മാസത്തിൽ ഒരു ദിവസം കൂടുന്നതിനും, നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ